കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വൈക്കം നഗരസഭ - സമ്പൂർണ്ണ ശുചിത്വശൗചാലയ പദ്ധതി - **2015-16** സാമ്പത്തിക വർഷത്തെ ചെലവഴിക്കാത്ത പദ്ധതി വിഹിതം സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയിൽ നഗരസഭ വിഹിതമായി ഒടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 1369/2016/തസ്വഭവ തിരുവനന്തപുരം, തീയതി 30.03.2016

---

പരാമർശം - (1) വൈക്കം നഗരസഭാ ചെയർമാന്റെ 28/03/2016-ലെ എച്ച്1/5304/16 നമ്പർ കത്ത്.

**ഉത്തരവ്**

വൈക്കം നഗരസഭയിൽ സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതി പ്രകാരം സമ്പൂർണ്ണ ശുചിത്വശൗചാലയ പദ്ധതി നടപ്പാക്കുന്നതിനായി നടത്തിയ സർവ്വേയിൽ 425 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടെന്നും ശൗചാലയ നിർമ്മാണത്തിന് നഗരസഭാവിഹിതമായ 10,067 രൂപ വീതം ആകെ 42,78,475/- രൂപ വകയിരുത്തണമെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വൈക്കം നഗരസഭയ്ക്ക് ഇത്രയും തുക തനതു ഫണ്ടിൽ നിന്നും ചിലവഴിക്കുന്നതിന് സാധിക്കാത്തതിനാൽ 2015-16 സാമ്പത്തിക വർഷത്തെ ചിലവഴിക്കാത്ത പദ്ധതി വിഹിതത്തിൽ നിന്നുള്ള തുകകൾ സ്വച്ഛ്ഭാരത് മിഷനിൽ നഗരസഭാ വിഹിതമായി ഒടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം വൈക്കം നഗരസഭാ ചെയർമാൻ അപേക്ഷിച്ചിരിക്കുന്നു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വൈക്കം നഗരസഭ ചെയർമാന്റെ കത്തിന്റെ അടിസ്ഥാനത്തിൽ വൈക്കം നഗരസഭയിൽ സമ്പൂർണ്ണ ശുചിത്വശൗചാലയ പദ്ധതി നടപ്പാക്കുന്നതിനായി 425 ഗുണഭോക്താക്കൾക്ക് ശൗചാലയ നിർമ്മാണത്തിന് നഗരസഭാവിഹിതമായ 10,067 രൂപ വീതം ആകെ 42,78,475/- രൂപ (നാല്പത്തി രണ്ട് ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി നാനൂറ്റി എഴുപത്തിയഞ്ചു രൂപ മാത്രം) 2015-16 സാമ്പത്തിക വർഷത്തെ ചിലവഴിക്കാത്ത പദ്ധതി വിഹിതത്തിൽ നിന്നും നഗരസഭാ വിഹിതമായി സ്വച്ഛ് ഭാരത് മിഷനിൽ ഒടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇൻഫർമേഷൻ കേരള മിഷൻ ഈ പ്രോജക്ട് സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ലീമാ മാനുവൽ

അണ്ടർ സെക്രട്ടറി

സെക്രട്ടറി, വൈക്കം മുനിസിപ്പാലിറ്റി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ